## ചൂലിനാൽ ആകുന്നതും ആകാത്തതും

ഭരണകൂടങ്ങളിലല്ല, സാധാരണക്കാരുടെ കൈകളിലാണ് അധികാരമുണ്ടാകേണ്ടത് എന്ന മുദ്രാവാക്യവുമായി, അഴിമതിക്കെതിരെയുണ്ടായ ജനമുന്നേറ്റത്തിൽ നിന്നും ഉയിർകൊണ്ട ആം ആദ്മി പാർട്ടി പരമ്പരാഗത രാഷ്ട്രീയപാർട്ടികളെ ജനവികാരത്താൽ റദ്ദുചെയ്തുകൊണ്ട് അധികാരത്തിലെത്തിയിരിക്കുന്നു. ജനപക്ഷ രാഷ്ട്രീയത്തിലൂടെ ജനാധികാരത്തെ വികസിതമാക്കുന്ന ഒരു രാഷ്ട്രീയ ബദലായി ഈ ചൂൽ, ശുദ്ധീകരണ പ്രക്രിയ പൂർത്തിയാക്കുമോ? അതോ കെട്ടഴിഞ്ഞ കുറ്റിച്ചൂലായി ഇഴകളഴിഞ്ഞ് നിലംപതിക്കുമോ? ആം ആദ്മിയുടെ രാഷ്ട്രീയാഗമനത്തെക്കുറിച്ച് കേരളീയം ചർച്ച ചെയ്യുന്നു...

# സംശുദ്ധ രാഷ്ട്രീയത്തിന്റെ ഒരിറ്റു ശുദ്ധവായു

താത്ക്കാലികമായിട്ടാണെങ്കിൽ പോലും, രാഷ്ട്രീയത്തിന്റെ ദൂഷിതമായ അന്തരീക്ഷത്തിലേക്ക് അല്പം ശുദ്ധവായു കടത്തിവിടാൻ ആം ആദ്മിയ്ക്ക് കഴിഞ്ഞു എന്നത് സത്യമാണ്. ഇന്ത്യൻ ജനാധിപത്യത്തിന് ഈ ശുദ്ധവായു അതിജീവനത്തിനുള്ള പ്രാണവായുവാണ്.

**കെ. അരവിന്ദാക്ഷൻ**

**സ്വാതന്ത്ര്യത്തിന്റെ** ഓരോ വർഷം പിന്നിടുന്തോറും ഇന്ത്യൻ ജനാധിപത്യം അധാർമ്മികതയുടെ ചെളിക്കുണ്ടിലേക്ക് നിപതിക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. ജനാധിപത്യ സ്ഥാപനങ്ങളെ തങ്ങളുടെ അധികാരം നിലനിർത്തുന്നതിനായി ഭരണത്തിലിരിക്കുന്ന രാഷ്ട്രീയ കക്ഷികൾ ഉപയോഗിക്കാൻ തുടങ്ങുന്നതോടെ, ധാർമ്മിക രാഷ്ട്രീയത്തിന്റെ സംശുദ്ധ ഇടങ്ങളും നഷ്ടമാകുന്നു. ഇതറിഞ്ഞുകൊണ്ടാണ് ഗാന്ധി രാഷ്ട്രീയത്തെ ആത്മീയവത്ക്കരിക്കലാണ് തന്റെ രാഷ്ട്രീയമെന്ന് അടിവരയിട്ടു പറഞ്ഞത്. മൂലധന ശക്തികൾ രാഷ്ട്രീയത്തെ ഏതാണ്ട് മുഴുവനായിത്തന്നെ വിഴുങ്ങിക്കഴിഞ്ഞു. കോൺഗ്രസ്സിന്റെ ഫണ്ട് സമാഹരണത്തിൽ 92 ശതമാനവും ഭാരതീയ ജനതാപ്പാർട്ടിയുടേതിൽ 85 ശതമാനവും കോർപ്പറേറ്റുകളിൽ നിന്നാണ്. കേരളത്തിലും ബംഗാളിലും ത്രിപുരയിലും മാത്രം സജീവ സാന്നിദ്ധ്യമുള്ള മാർക്സിസ്റ്റ്പാർട്ടിയ്ക്കും ഫണ്ടിൽ 33 ശതമാനം വൻകിട കോർപ്പറേറ്റുകളിൽ നിന്നാണ്.

അധികാരം, അഴിമതി, വർഗ്ഗീയത എന്നീ ത്രിത്വത്തിലാണ് ഇന്ത്യൻ രാഷ്ട്രീയം ഉപജീവിക്കുന്നത്. ഇക്കാര്യത്തിൽ കോൺഗ്രസ്സിനോ ഭാരതീയ ജനതാപ്പാർട്ടിയ്ക്കോ മായാവതിയുടെ ബി.എസ്.പിക്കോ, ജയലളിതയുടെ എ.ഐ.എ.ഡി.എം.കെയ്ക്കോ മമതയുടെ തൃണമൂലിനോ, മാർക്സിസ്റ്റ് പാർട്ടിയ്ക്കോ ഭിന്നത ഏതുമില്ല. 2013 ആഗസ്തിൽ തുടങ്ങിയ മുസാഫർനഗറിലെ വർഗീയ സംഘർഷങ്ങൾ ഇപ്പോഴും മേൽപ്പറഞ്ഞ രാഷ്ട്രീയത്തിന്റെ ത്രിത്വത്തിലാണ്. അതിശൈത്യത്തിൽ പിഞ്ചുകുഞ്ഞുങ്ങൾ മരണപ്പെടുമ്പോഴും രാഷ്ട്രീയാസക്തികൾ അവിടെ അവസാനിക്കുന്നില്ല.

ഇന്ത്യൻ രാഷ്ട്രീയത്തിന്റെ രക്ഷകനായി ബുദ്ധിജീവികളും നാഗരിക മദ്ധ്യവർഗികളും നല്ലൊരു പങ്ക് പത്രപ്രവർത്തകരും എഴുത്തുകാരും ഉയർത്തിക്കാട്ടുന്നത് ഗുജറാത്ത് വികസനത്തിന്റെ ലോഹപുരുഷനെന്ന് വാഴ്ത്തപ്പെടുന്ന നരേന്ദ്രമോഡിയെയാണ്. മോഡിയാണെങ്കിൽ താൻ ഇന്ത്യയുടെ പ്രധാനമന്ത്രിയായി അവരോധിക്കപ്പെട്ടു കഴിഞ്ഞുവെന്ന നിലയിലാണ് നാടുനീളെ പ്രസംഗിച്ചും പരിഹസിച്ചും വെല്ലുവിളിച്ചും നടക്കുന്നത്. മോഡിയുടെ വികസനം കോർപ്പറേറ്റ് മൂലധനത്തിന്റെ ചെലവിലും ദരിദ്രരുടെ നെഞ്ചത്തുമാണ് നടക്കുന്നതെന്ന് ഗുജറാത്ത് വികസന മാതൃക ബോധ്യപ്പെടുത്തുന്നുണ്ട്. 2002 ൽ മോഡി ഗുജറാ



ത്തിൽ അധികാരം പിടിച്ചടക്കുന്നത് മുസ്ലീം ന്യൂനപക്ഷത്തെ കശാപ്പു ചെയ്തും ഭീഷണിപ്പെടുത്തിയും ഹിന്ദു ഭൂരിപക്ഷത്തെ പ്രീണിപ്പിച്ചുമാണ്. 2002 ലെ വംശഹത്യയ്ക്ക് നേതൃത്വം നൽകിയ മോഡി അതിൽ പശ്ചാത്തപിക്കുന്ന ആളല്ല. വർഷങ്ങൾ പതിനൊന്നു കഴിഞ്ഞിട്ടും ഉദ്യോഗസ്ഥരേയും ജുഡീഷ്യറിയേയും തന്റെ വരുതിയിൽ നിർത്താനുള്ള അധികാര ശക്തി ഗുജറാത്തിൽ മോഡി ആർജ്ജിച്ചതുകൊണ്ട്, മോഡിക്കെതിരെ തെളിവുകളോ, രേഖകളോ നിരത്താൻ കഴിയാത്ത അവസ്ഥയാണ് അവിടെയുള്ളത്. മോഡിയെപ്പോലുള്ള ഒരു ഫാസിസ്റ്റിന് ജനങ്ങളുടെ ഇച്ഛകളോ, തന്റെ സ്വന്തം പാർട്ടിയായ ഭാരതീയ ജനതാപ്പാർട്ടിയോ, തന്നെ ഇത്രയുമെത്തിച്ച രാഷ്ട്രീയ സ്വയം സേവകർ എന്ന ഫാസിസ്റ്റു സംഘടനയോ ഒരു വിഷയമേയല്ല. തന്റെ അധികാരാസക്തിക്കു മുമ്പിൽ, തികഞ്ഞ നാർസിസ്റ്റായ മോഡിയ്ക്ക് മോഡിതന്നെയാണ് പാർട്ടിയും സംഘടനയും നേതാവും. മോഡിയ്ക്ക് (ബി.ജെ.പി.യ്ക്ക്) ഒറ്റയ്ക്ക് ഭൂരിപക്ഷം കിട്ടുകയാണെങ്കിൽ ഈ സത്യം ജനങ്ങൾ താമസിയാതെ അറിയും.

മോഡിയുടെ ഫാസിസ്റ്റു രാഷ്ട്രീയത്തിന് പകരം കോൺഗ്രസ്സിന് ഉയർത്തിക്കാട്ടാനുള്ളത് അഴിമതി രാഷ്ട്രീയമാണ്. 1990 നു ശേഷമുള്ള രണ്ട് പതിറ്റാണ്ടുകളിൽ കോൺഗ്രസിന്റെ ഉദാരവത്ക്കരണ നയങ്ങൾ കോർപ്പറേറ്റ് മൂലധനത്തിന്റെ ആഴവും വ്യാപ്തിയും ഇന്ത്യയിൽ വർദ്ധിപ്പിച്ചു. അതിന്റെ വേരുകൾ ചെന്നെത്താത്ത ഒരു ഗ്രാമവും ഇന്ത്യയിലില്ലാതായി. സാധാരണക്കാരായ ഇന്ത്യക്കാരുടെ കൃഷിയിലും കുടിൽ വ്യവസായത്തിലും കച്ചവടത്തിലും വിദ്യാഭ്യസത്തിലും ആഹാരത്തിലും ആരോഗ്യത്തിലും സംസ്കാരത്തിലും അതിന്റെ വേരുകൾ ചെന്നെത്തി. കുറേയേറെ ഗ്രാമങ്ങൾ നഗരവത്ക്കരിക്കപ്പെട്ടു. ഉദാരവത്ക്കരണ രാഷ്ട്രീയത്തിന്റെ കള്ളി നിയമങ്ങളിൽ കുറച്ചുപേർ വിജയിച്ചു. അവർ പുതിയ പണക്കാരും രാഷ്ട്രീയക്കാരും അധികാരികളുമായി. ദില്ലിയിലെയും തലസ്ഥാനങ്ങളിലെയും അധികാരികളുമായും കോർപ്പറേറ്റ് മൂലധനത്തിന്റെ ദല്ലാളുമാരുമായും അവർക്ക് രക്തബന്ധങ്ങളുണ്ടായി. അപ്പോഴും തിരസ്കരിക്കപ്പെട്ടവർ ദരിദ്രർ തന്നെ.

അങ്ങിനെ വ്യവസ്ഥാപിത രാഷ്ട്രീയ കക്ഷികളുടെ ഉരുക്കുമുഷ്ടികളിൽപ്പെട്ട് ചോരവാർന്നു പോയ സാധാരണക്കാർ, അഴിമതിക്കും രാഷ്ട്രീയ അധാർമ്മികയ്ക്കുമെതിരെ യാതൊന്നും ചെയ്യാൻ കഴിയില്ലെന്ന നിസ്സഹായവസ്ഥയിൽ രോഷപ്പെടുമ്പോഴാണ് 2011 ൽ അണ്ണാഹസാരെ എന്ന ഗാന്ധിയൻ അഴിമതിക്കെതിരെ ഒരു പ്രസ്ഥാനം ദൽഹി കേന്ദ്രമാക്കി ആരംഭിക്കുന്നത്. എല്ലാ അഴിമതിക്കാരെയും ചോദ്യം ചെയ്ത് തുറങ്കിലിടാൻ കഴിയുന്ന ജനലോക്പാൽ ബില്ലിനുവേണ്ടിയായിരുന്ന അദ്ദേഹത്തിന്റെ സത്യാഗ്രഹ സമരം ഇന്ത്യൻ നഗരങ്ങളെ പ്രകമ്പനം കൊള്ളിച്ചു. ജനങ്ങളുടെ അഹിംസാത്മകമായ മുന്നേറ്റത്തിന് അധികാരികളെ ഉണർത്താൻ കഴിയുമെന്ന് അത് തെളിയിച്ചെങ്കിലും, വളരെ തന്ത്രപരമായി അധികാരി വർഗ്ഗം ജനലോക്പാൽ ബിൽ അതിന്റെ പൂർണ്ണതയിൽ നിയമമാക്കുന്നതിൽ നിന്ന് രക്ഷപെട്ടു. അണ്ണാഹസാരെയുടെ സത്യാഗ്രഹ സമരം മുന്നോട്ടെത്തിച്ച അരവിന്ദ് കെജ്രിവാളും സംഘവും 'ആം ആദ്മി പാർട്ടി' എന്ന രാഷ്ട്രീയപ്പാർട്ടിയുണ്ടാക്കി, അഴിമതിക്കെതിരെയുള്ള സമരം ബാലറ്റ് ബോക്സിലൂടെത്തന്നെയാവാമെന്ന് തീരുമാനിച്ചു. ദില്ലിയിൽ അവരുടെ സമരം വിജയിക്കുകയും ചെയ്തു.

സ്വതന്ത്ര ഇന്ത്യയിൽ, വ്യവസ്ഥാപിത രാഷ്ട്രീയത്തിലെ അഴിമതിയോടും അധികാരത്തോടും (അടിയന്തരാവസ്ഥയോടും) സാർത്ഥകമായി കലഹിച്ചത് 1975-77 ലെ ജയപ്രകാശ് നാരായണന്റെ ജനതാ പാർട്ടി പരീക്ഷണമാണ്. സംശുദ്ധ രാഷ്ട്രീയത്തിന്റെ ശുദ്ധവായു വളരെക്കുറച്ചു കാലത്തേയ്ക്കേ ഇന്ത്യയിൽ നിലനിന്നുള്ളു. അധികാര കാമം ബാധിച്ച വൃദ്ധന്മാരുടെ സ്വയംകൃതഘ്നതയിൽ ആ പരീക്ഷണം അവർതന്നെ കുഴിച്ചു

മൂടി. അധികാര രാഷ്ട്രീയത്തിന്റെ പ്രതീകമായി തങ്ങൾ ആരെ തോൽപ്പിച്ചുവോ അവരെത്തന്നെ (ഇന്ദിരാഗാന്ധി) കൂടുതൽ ഭൂരിപക്ഷത്തോടുകൂടി വിജയിപ്പിച്ച് തങ്ങളെ ധാർമ്മിക രാഷ്ട്രീയ യുദ്ധത്തിൽ പരാജയപ്പെടുത്തിയവരോട് ജനങ്ങൾ കണക്ക് തീർത്തു. പിന്നീട് ഇന്ത്യൻ രാഷ്ട്രീയത്തിൽ അധാർമ്മികതയുടെ ചൂതുകളി തന്നെയാണ് നടന്നത്. കോർപ്പറേറ്റ് മൂലധനത്തിന്റെ പ്രതിനിധികളായിമാറി അസംബ്ലിയിലേയും പാർലമെന്റിലെയും 'ജനപ്രതിനിധികൾ'. ജയിക്കാനായി ഒരോ തെരെഞ്ഞെടുപ്പിലും സ്ഥാനാർത്ഥികൾ ആയിരക്കണക്കിന് കോടി രൂപ തെരെഞ്ഞെടുപ്പ് കമ്മീഷന്റെ നിബന്ധനകളെ വെട്ടിച്ച് ചെലവഴിച്ചു. ജനങ്ങൾ വെറും കഴുതകളാണെന്ന ഉറപ്പിൽ, ഉപഭോഗവസ്തു

അത് ഇന്ത്യൻ ജനാധിപത്യത്തിൽ കഴിഞ്ഞ അമ്പത് കൊല്ലത്തിനുള്ളിലുണ്ടായിട്ടുള്ള ഗുണപരമായ ഉണർവ്വാണ്. ഇന്നിപ്പോൾ, ചാനലുകളിൽ നിന്നും വാർത്തകളിൽ നിന്നും മോദി കുറേശ്ശെയായി അപ്രത്യക്ഷമാകുകയാണ്. രാഹുൽ ഗാന്ധിയുടെയും, കോൺഗ്രസ്സിന്റെയും ദൗർബല്യങ്ങളും അഴിമതിയും കുറേക്കൂടി നഗ്നമാക്കപ്പെടുകയാണ്.

ക്കൾ കൊടുത്തും പണം കൊടുത്തും വാഗ്ദാനങ്ങൾ നൽകിയും വോട്ടർമാരെ പ്രലോഭിപ്പിച്ചു. മതവും ജാതിയും രാഷ്ട്രീയ വിജയത്തിന്റെ പ്രഥമപരിഗണനകളായി. അഴിമതി കൂടാതെ ജീവിക്കാൻ കഴിയില്ലെന്ന് ജനങ്ങളും വിശ്വസിക്കാൻ തുടങ്ങി. ഗ്രാമസഭ മുതൽ പാർലമെന്റ് വരെ അഴിമതിയുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് മോചിതമാകില്ലെന്ന് ജനങ്ങൾ വിധിയെഴുതാൻ തുടങ്ങി.

ഈ സാഹചര്യത്തിലാണ് 2011 ൽ ആരംഭിച്ച അഴിമതി വിരുദ്ധ സാമൂഹ്യ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്ന അരവിന്ദ് കെജ്രിവാൾ രൂപീകരിച്ച 'ആം ആദ്മി പാർട്ടി' പാർലമെന്ററി ജനാധിപത്യത്തിൽ വിജയിക്കുന്നത്. വ്യവസ്ഥാപിത രാഷ്ട്രീയത്തിന്റെ സമവാക്യങ്ങളെ അത് അട്ടിമറിച്ചു. ജനങ്ങളുടെ ചെറിയ ചെറിയ സംഭാവനകൾ കൊണ്ടും വൻകിട പരസ്യങ്ങൾ ഇല്ലാതെയും ഒരു സ്ഥാനാർത്ഥിക്ക് വ്യവസ്ഥാപിത രാഷ്ട്രീയക്കാരെ തോല്പ്പിക്കാൻ കഴിയുമെന്നായി. സ്ഥാനാർത്ഥിയുടെ മഹത്വമോ, ജാതിയോ, മതമോ, ലിംഗമോ അല്ല അടിസ്ഥാനമായിട്ടുള്ളത്, പാർട്ടിയുടെ സംശുദ്ധമായ ഇമേജാണ്. സ്വത്വ രാഷ്ട്രീയത്തിനും, വർഗ്ഗ രാഷ്ട്രീയത്തിനും ഏറ്റ തിരിച്ചടിയാണത്. ജനങ്ങളുടെ മുൻകൈയ്യാൽ ജനാധിപത്യത്തിന്റെ നഷ്ടപ്പെട്ട ഇടങ്ങൾ തിരിച്ചുപിടിക്കാമെന്നായി. അത് ഇന്ത്യൻ ജനാധിപത്യത്തിൽ കഴിഞ്ഞ അമ്പതു കൊല്ലത്തിനുള്ളിലുണ്ടായിട്ടുള്ള ഗുണപരമായ ഉണർവ്വാണ്. ഇന്നിപ്പോൾ, ചാനലുകളിൽ നിന്നും വാർത്തകളിൽ നിന്നും മോദി കുറേശ്ശെയായി അപ്രത്യക്ഷമാകുകയാണ്. രാഹുൽ ഗാന്ധിയുടെയും, കോൺഗ്രസ്സിന്റെയും ദൗർബല്യങ്ങളും അഴിമതിയും കുറേക്കൂടി നഗ്നമാക്കപ്പെടുകയാണ്. മൂന്നാം മുന്നണിയല്ല, ജനങ്ങളുടെ പുതുശക്തിയാണ് വേണ്ടതെന്ന അറിവിനുമുമ്പിൽ മാർകസിസ്റ്റു പാർട്ടിപോലും പതറുകയാണ്. അണ്ണാഹസാരെയുടെയും തുടർന്ന് 'ആം ആദ്മി പാർട്ടി'യുടെയും ധാർമ്മികബലമാണ് പരിമിതികളുള്ളതെങ്കിലും ഒരു ലോക്പാൽ ബിൽ നിയമമാക്കാൻ അവസരം നൽകിയത്. അഴിമതിയുടെ പ്രതിരോധത്തിൽ നിന്ന് കോൺഗ്രസ്സ്, രാഹുൽ ഗാന്ധിയെ ശിഖണ്ഡിയാക്കിക്കൊണ്ട് തന്ത്രപരമായി വഴുതുന്നതാണ് നാം കാണുന്നത്.

ആം ആദ്മി പാർട്ടിയുടെ മുന്നേറ്റത്തെ ഭാരതീയ ജനതാപാർട്ടി പുച്ഛിച്ചുതള്ളിയും പരിഹസിച്ചും നുണകൾ പറഞ്ഞും നരേന്ദ്രമോഡിയെ വാഴിക്കാനുള്ള തന്ത്രങ്ങൾ മെനയുന്നുണ്ടെങ്കിലും അവരും അങ്കലാപ്പിലാണ്. തീർച്ചയായും ഇന്ത്യയുടെ നഗരങ്ങളിലും നഗരവത്കൃതമായിക്കൊണ്ടിരിക്കുന്ന ഗ്രാമങ്ങളിലും ആം ആദ്മിയുടെ സാന്നിദ്ധ്യം അടുത്ത ലോകസഭ തെരെഞ്ഞെടുപ്പിൽ ഉണ്ടാകും. വെർചൽ വേൾഡിലും മീഡിയയിലും ആം ആദ്മിക്കുള്ള മേൽക്കൈ ലോകസഭാ തെരഞ്ഞെടുപ്പിൽ അവർക്ക് തുണയാകും. യുവാക്കളും മധ്യവർഗ്ഗവും അവർക്കൊപ്പം നിൽക്കാൻ സാധ്യതയേറെയാണ്. ഗ്രാമാന്തരങ്ങളിലേക്ക് ആം ആദ്മി പാർട്ടിയുടെ ചിട്ടയായുള്ള പ്രവർത്തനം ഈ ഹ്രസ്വകാലത്തിനുള്ളിൽ വ്യാപിക്കാനാവുമോ എന്ന സംശയം ബാക്കിനിൽക്കുന്നു. ഒരു സാമൂഹ്യമുന്നേറ്റം രാഷ്ട്രീയ പാർട്ടിയായി പരിണമിക്കുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ ആം ആദ്മി പാർട്ടിക്കുണ്ട്. പാർട്ടിയുടെ വക്താക്കൾ ചിലപ്പോഴെങ്കിലും ഭിന്ന സ്വരങ്ങളിൽ സംസാരിക്കുന്നത് ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പ

മുണ്ടാക്കും. ഇന്ത്യയിലെ ഒരു രാഷ്ട്രീയ പാർട്ടിക്കും കാശ്മീർ പ്രശ്നത്തിൽ ഹിതപരിശോധനയുടെയോ സ്വതന്ത്ര സ്റ്റേറ്റിന്റെയോ നിലപാടെടുക്കാൻ സാധ്യമല്ല. പ്രശാന്ത് ഭൂഷന്റെ പ്രസ്താവന അനവസരത്തിലുള്ളതായിപ്പോയി. എന്നാൽ അതിനെതിരെ സംഘപരിവാറിന്റെ വേട്ടനായ്ക്കൾ പ്രതികരിച്ചത്, ആം ആദ്മി പാർട്ടിയുടെ കേന്ദ്ര ഓഫീസ് അതിക്രമിച്ചികൊണ്ടാണ് !

വികസനത്തിന്റെ കാര്യത്തിൽ എന്ത് നിലപാടാണ് ആം ആദ്മി പാർട്ടിക്കുള്ളതെന്ന് വ്യക്തമാക്കുമ്പോഴാണ് കോർപ്പറേറ്റ് മൂലധന ശക്തികളുടെ ക്രൂരമുഖം പുറത്തുവരിക. ഉപഭോഗ സംസ്ക്കാരത്തിൽ നിന്ന് സമത്വപൂർണ്ണമായ ഉപഭോഗത്തിലേയ്ക്ക് എന്ന മുദ്രാവാക്യം ആം ആദ്മി ഉയർത്തിയാൽ, അവരുടെ കൂടെ നിൽക്കാൻ ഇന്നവർക്കൊപ്പം നിൽക്കുന്ന എത്ര മധ്യവർഗ്ഗികൾ, വരേണ്യർ ഉണ്ടാകുമെന്നറിയില്ല. ഇത്തരം അടിസ്ഥാനപരമായ പ്രശ്നങ്ങൾക്കൊപ്പംതന്നെ പാർട്ടിക്കുള്ളിലെ അധികാര മോഹങ്ങളെയും അതുകൊണ്ട് സംഭവിക്കാവുന്ന ബലക്ഷയത്തെയും പ്രതിരോധിക്കാൻ, ഉള്ളിൽ നിന്ന് തന്നെ സത്യാഗ്രഹം നടത്തേണ്ടതിന്റെ ആവശ്യകതയുണ്ട്, ആഗോളമൂലധന ശക്തികളും കോൺഗ്രസ്സ് ബി.ജെ.പി തുടങ്ങിയ വ്യവസ്ഥാപിത രാഷ്ട്രീയ കക്ഷികളും ഉദ്യോഗസ്ഥന്മാരും ഇന്ത്യൻ കോർപ്പറേറ്റ് സമൂഹവും ഇവരുമായി ബന്ധമുള്ള വൻകിട മാഫിയകളും ആം ആദ്മി പാർട്ടിയുടെ സംശുദ്ധരാഷ്ട്രീയത്തെ അംഗീകരിക്കുന്നവരല്ല. അവസരം കിട്ടിയാൽ മസിൽ പവർ കൊണ്ടും പണം കൊണ്ടും പെരുപ്പിച്ചനുണകൾകൊണ്ടും അതിനെ ഇല്ലാതാക്കാൻ ശ്രമുക്കുന്നവരാണ്. ഇനി ഈ പാർട്ടിയിലേക്ക്, കയറിക്കൂടുവാൻ തക്കം പാർത്തിരിക്കുന്ന ചീങ്കണ്ണികളായ ഭിക്ഷാംദേഹികളുമുണ്ടാകും.

വിവിധ പരിസ്ഥിതി ഗ്രൂപ്പുകൾ, മനുഷ്യാവകാശ സംഘങ്ങൾ പ്രതിരോധ കൂട്ടായ്മകൾ, ദളിത്- ആദിവാസി പ്രസ്ഥാനങ്ങൾ എന്നിവയുടെ ഇടങ്ങളാണ് ഒരർത്ഥത്തിൽ ആം ആദ്മിയുടേത്. മേൽപ്പറഞ്ഞ പ്രസ്ഥാനങ്ങൾക്ക് കൃത്യമായ രാഷ്ട്രീയമുണ്ടെങ്കിലും അവയൊന്നും ഒരു രാഷ്ട്രീയപ്രസ്ഥാനത്തിന്റെ ഭാഗമായിട്ടില്ല. ഇന്ത്യയുടെ വിവിധ ദേശങ്ങളിലുള്ള ഇത്തരം പ്രതിരോധ പ്രസ്ഥാനങ്ങളെ പാർട്ടിയുമായി സമന്വയിപ്പിക്കാനായാൽ ഒരു ക്രിയാത്മിക രാഷ്ട്രീയ മുന്നേറ്റമായി അത് മാറിക്കൂടായ്കയില്ല. ഈ ഉത്തരാധുനിക കാലം അത്രയെങ്കിലും ആവശ്യപ്പെടുന്നുണ്ട്, ഇല്ലാത്തവന്റെ അതിജീവനത്തിനായി.

സ്വത്വരാഷ്ട്രീയം നിലനിൽക്കുന്ന സംസ്ഥാനങ്ങളിൽ ആം ആദ്മിയ്ക്ക് എന്തെങ്കിലും സാന്നിദ്ധ്യം ഉണ്ടാക്കാൻ കഴിയുമോയെന്ന് ഇനിയും പറയാറായിട്ടില്ല. പാർട്ടിയിലുള്ള ഭൂരിപക്ഷം പേരുടെയും നാഗരിക സ്വഭാവങ്ങൾ സ്വത്വ രാഷ്ട്രീയത്തെ മാറ്റിയെടുക്കുവാൻ പോന്നതല്ല. ആം ആദ്മിയ്ക്ക് പുതിയൊരു രാഷ്ട്രീയ സംസ്ക്കാരമുണ്ടെന്ന് ആ പ്രദേശങ്ങളിലെ സാധാരണക്കാർക്ക് അനുഭവപ്പെട്ടാൽ മാത്രമേ അത്തരമൊരുമാറ്റം സംഭവിക്കൂ. അതുപോലെ തന്നെ വടക്ക് കിഴക്കൻ മേഖലകളുടെ കാര്യവും.

ഇത്രയും ചെറിയൊരു കാലയളവുകൊണ്ട് ഒരു പാർട്ടിയെ വിലയിരുത്തുന്നതും ശരിയാവില്ല. താത്ക്കാലികമായിട്ടാണെങ്കിൽ പോലും, രാഷ്ട്രീയത്തിന്റെ ദൂഷിതമായ അന്തരീക്ഷത്തിലേക്ക് അല്പം ശുദ്ധവായു കടത്തിവിടാൻ ആം ആദ്മിയ്ക്ക്  കഴിഞ്ഞു എന്നത് സത്യമാണ്. ഇന്ത്യൻ ജനാധിപത്യത്തിന് ഈ ശുദ്ധവായു അതിജീവനത്തിനുള്ള പ്രാണവായുവാണ്.

ആം ആദ്മിയുടെ മുന്നേറ്റം കോൺഗ്രസ്സ് - ഭാരതീയ ജനതാപ്പാർട്ടികളുടെ അജണ്ടയെ വെല്ലുവിളിക്കുകയും ആം ആദ്മി സ്വാഭാവികമായി സൃഷ്ടിക്കുന്ന പുതിയ അജണ്ടകളിൽ ഈ പാർട്ടികൾ രാഷ്ട്രീയം കളിക്കാൻ ബാധ്യസ്ഥരാകുകയും ചെയ്യുന്ന കാഴ്ചയാണ് ദൽഹിയിൽ കാണുന്നത്. ഇതിന്റെ അനുകരണങ്ങൾ മറ്റ് ഇന്ത്യൻ നഗരങ്ങളിലും സംസ്ഥാനങ്ങളിലും ഉണ്ടാകാതിരിക്കില്ല. എന്നാൽ കേരളത്തിൽ ആം ആദ്മി പാർട്ടിയ്ക്ക് എന്തെങ്കിലും സാധ്യതയുണ്ടോ? മാർകസിസ്റ്റ് പാർട്ടിയും കോൺഗ്രസ്സും പരസ്പരം വീതം വച്ചെടുക്കുന്ന നമ്മുടെ ദുഷിച്ച രാഷ്ട്രീയ മണ്ഡലത്തിൽ അല്പം ശുദ്ധവായു കടക്കുമോ?  അതിനുള്ള സാധ്യതകൾ കുറവാണ്. മാർകസിസ്റ്റ് പാർട്ടി കേരളത്തിൽ നിലനിൽക്കുന്നത് സർക്കാർ-സർക്കാരിതര വൈറ്റ് കോളർ ജീനവക്കാരും അധികാരങ്ങളും അവാർഡുകളും സ്ഥാനമാനങ്ങളും കൊതിക്കുന്ന സാംസ്ക്കാരിക പ്രവർത്തകരും ബുദ്ധിജീവികളും എഴുത്തുകാരും ചേർന്ന സാംസ്കാരിക മണ്ഡലവും, പാർട്ടിയുടെ ഗുണ്ടാപ്പടയിലെ പോഷക സംഘടനകളും കൂടിച്ചേർന്നുള്ള അധാർമ്മികമായ കെട്ടുറപ്പിലാണ്. ദളിതരെയും ദരിദ്രരെയും പറ്റിച്ചും വ്യാജസമരങ്ങൾക്ക് പടയണിയിൽചേർത്തും അവരെ നിർവീര്യമാക്കി നിർത്താൻ പാർട്ടിക്ക് അപാരമായ കഴിവുണ്ട്. അതാതു കാലങ്ങളിൽ പ

ള്ളിക്കാരെയും മുസ്ലീം ഗ്രൂപ്പുകളെയും പ്രീണിപ്പിച്ചും ഭൂരിപക്ഷങ്ങളെ ഇക്കിളിപ്പെടുത്തിയും, തെരഞ്ഞെടുപ്പ് രാഷ്ട്രീയം കളിക്കാൻ പിണറായി വിജയനും സംഘത്തിനുമറിയാം. ആ വലയം ഭേദിച്ച് ഏതെങ്കിലും ബുദ്ധിജീവിയോ സാംസ്ക്കാരിക പ്രവർത്തകനോ എഴുത്തുകാരോ ആം ആദ്മി പാർട്ടിയിലേക്ക് ചേക്കേറുന്നുണ്ടെങ്കിൽ, അത് സംശുദ്ധരാഷ്ട്രീയത്തിനു വേണ്ടിയായിരിക്കില്ല, നക്കാപ്പിച്ച എന്തെങ്കിലും തടയുമോയെന്ന് നോക്കിയായിരിക്കും. മാർക്സിസ്റ്റു പാർട്ടിയുടെ വോട്ട് ബാങ്ക് അധാർമികമായ രാഷ്ട്രീയ കൂട്ടുകെട്ടുകളാൽ ഉറപ്പുള്ളതാണ്. എൻ.ജി.ഒ സംഘടനകൾ, പോഷക സംഘടനകൾ എന്നിവയിൽ വിള്ളലുണ്ടാകാൻ എളുപ്പമല്ല. കാരണം അതിനുള്ളിൽ അകപ്പെട്ടിരിക്കുന്നവർ അന്ധമായി വിശ്വസിച്ചുകൊണ്ടിരിക്കുന്നത് തങ്ങളാണ് ധാർമ്മികതയുടെ ഏറ്റവും വലിയ പ്രണേതാക്കൾ എന്നാണ്. മണലിൽ തലപൂഴ്ത്തിയിരിക്കുന്ന ഒട്ടകപക്ഷികളാണവർ. ആം ആദ്മി പറയുന്ന സംശുദ്ധ രാഷ്ടീയം തങ്ങൾ എത്രയോ കാലമായി പറഞ്ഞുകൊണ്ടിരിക്കുകയാണെന്നാണ് പാർട്ടിയുടെ അഖിലേന്ത്യ സെക്രട്ടറി പ്രകാശ് കരാട്ട് പറയുന്നത്. അദ്ദേഹവും പാവം ഒട്ടകപക്ഷിയുടെ ഗതികേടിലാണ്. ദില്ലിയിൽ എയർകണ്ടീഷൻഡ് മുറിയും കൽക്കത്തയിലേക്കും തിരുവനന്തപുരത്തേക്കും ത്രിപുരയിലേയ്ക്കും പി.ബിയ്ക്ക് പോകാൻ വിമാനക്കൂലിയും ഓഫീസ് ചെലവുകളും നടത്താൻ പിണറായിയെപ്പോലുള്ള കോർപ്പറേറ്റ് സഖാക്കളില്ലെങ്കിൽ എന്ത് ചെയ്യും എന്ന ആശങ്കയും ഈ ബഡാ ആദ്മി സഖാവിനുണ്ടാകും. ■

എല്ലാം തികഞ്ഞ ഒരു വിപ്ലവത്തിൽ കുറഞ്ഞ ഒന്നുകൊണ്ടും തൃപ്തരാകാത്ത മലയാളി വിമർശനങ്ങളെ ഇപ്പോൾ ആം ആദ്മി പാർട്ടി അർഹിക്കുന്നില്ല.

**സി.ആർ. പരമേശ്വരൻ / കേരളീയം**

# പ്രത്യയശാസ്ത്ര ശാഠ്യങ്ങൾ തത്കാലം മാറ്റിവയ്ക്കാം

**രാഷ്ട്രീയ നിലപാടുകളിലും ഭരണനിർവ്വഹണത്തിലും പ്രത്യയശാസ്ത്രത്തിന്റെ അഭാവം നിഴലിക്കുന്നുണ്ടെന്ന വിമർശനം നിലനിൽക്കെ, അഴിമതി രാജിനെതിരെയുള്ള സംശുദ്ധ ഭരണം എന്ന ലേബലിൽ മാത്രം ആം ആദ്മി പാർട്ടിക്ക് തുടർന്നും മുന്നോട്ട് പോകാൻ കഴിയുമോ?**

സമൂഹത്തിലെ വ്യത്യസ്ത താല്പര്യങ്ങൾ തനതുലക്ഷ്യങ്ങളോടെയും പ്രതീക്ഷകളോടെയും പ്രവർത്തനങ്ങളോടെയും ജനജീവിതത്തിൽ ഇടപെടുമ്പോൾ പ്രത്യക്ഷമായും പരോക്ഷമായും പ്രകടിതമാകുന്നതാണ് പ്രത്യയശാസ്ത്രങ്ങൾ. ഈ പ്രകടിതമാകൽ ബോധപൂർവ്വം മാത്രമല്ല അബോധപൂർവ്വം കൂടിയാണ്. അവയെ എഴുതി തയ്യാറാക്കിയ സംഘടന-മത-പാർട്ടി പദ്ധതികളുമായോ മാനിഫെസ്റ്റോകളുമായോ തെറ്റിദ്ധരിക്കരുത്. ആം ആദ്മി പാർട്ടിയെ അവരുടെ ലക്ഷ്യങ്ങളുടെയും പ്രതീക്ഷകളുടെയും പ്രവർത്തനങ്ങളുടെയും വെളിച്ചത്തിൽ വ്യത്യസ്തമായ ഒരു സത്തയായി നാം തിരിച്ചറിയുന്നുണ്ടെങ്കിൽ അവർക്ക് ഒരു പ്രത്യയശാസ്ത്രം ഉണ്ടെന്നാണ് അതിനർത്ഥം. ഇന്നവരുടെ മുൻപിലുള്ള മൂർത്തമായ വെല്ലുവിളി രാഷ്ട്രീയത്തിലേയും ഭരണകൂടത്തിലേയും സംശുദ്ധി വീണ്ടെടുക്കാനാവുമോ എന്നതാണ്. ഈ ജോലിയെങ്കിലും അവർ എങ്ങിനെ കൈകാര്യം ചെയ്യുന്നു എന്ന് നമുക്ക് സഹാനുഭൂതിയോടെ വീക്ഷിക്കാം. നാളെ മൂർത്തമായ മറ്റു പ്രശ്നങ്ങളും വെല്ലുവിളികളും അവരുടെ വഴിയിൽ നിശ്ചയമായും ഉയർന്നുവരും. അന്ന് അവർക്ക് അതിജീവനത്തിനുള്ള അർഹതയുണ്ടെങ്കിൽ അവർ അവരുടെ പ്രത്യയശാസ്ത്ര ചക്രവാളം കൂടുതൽ വ്യാപകത്വമുള്ളതാക്കും. അല്ലെങ്കിൽ, ഉണ്ടാക്കാൻ കഴിഞ്ഞ ചില്ലറ നേട്ടങ്ങൾ കൊണ്ടോ പാഠങ്ങൾ കൊണ്ടു പോലുമോ ജനാധിപത്യത്തെ സ്വല്പം കൂടി സമ്പന്നമാക്കി വഴിയിൽ പട്ടുപോകും. അകമേ നിന്നുള്ള ജീർണ്ണതയും പുറമെ നിന്നുള്ള ആക്രമണങ്ങളും കാരണം പ്രസ്ഥാനത്തിന്റെ ആയുസ്സ് മാസങ്ങളോ ദിവസങ്ങളോ ആകാനും സാധ്യതയുണ്ട്. പിന്നെ വേറൊരു ആം